**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 891** | **24-02-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ വനഭൂമിയോട് ചേർന്നുള്ള കൃഷിഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനഭൂമിയോട് ചേർന്നുള്ള കൃഷിഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽ നിന്നും പുനരധിവാസത്തി നായുള്ള ആവശ്യം ഉയരുന്നുണ്ട്. ഇതിലേക്കായി പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെൻറ് പദ്ധതി (14.11.2019-ലെ ജി.ഒ.(ആർ.റ്റി) 483/2018/പി&ഇ.എ നമ്പർ ഉത്തരവ്), കിഫ്ബി Phase II (23.01.2020-ലെ ജി.ഒ (എം.എസ്) 2/2020/വനം വന്യജീവി, 02.08.2021-ലെ ജി.ഒ (എം.എസ്) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പ്രധാന പദ്ധതിയാണ് സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം. സ്വയം സന്നദ്ധമാകുന്ന ഒരു അർഹമായ കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകി റീബിൽഡ് കേരള ഡെവലപ്മെൻറ് പദ്ധതിക്ക് കീഴിൽ 4 വനം ഡിവിഷനുകളിലെ 22 സെറ്റിൽമെൻറുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളുടെയും കിഫ്ബി Phase II പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെൻറുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളെയും വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. സ്വയം സന്നദ്ധ പുനരധിവാസത്തിനായി കേന്ദ്രസർക്കാരിന്റെ ദേശീയ കടുവ സംരക്ഷണ അതോറിറ്റി വിജ്ഞാപനം ചെയ്തിട്ടുള്ളതും |

| | | | |
|---|---|---|---|
| | | | കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടും ഗുണഭോക്താക്കൾക്ക് ഏറ്റവും ഗുണകരമായ രീതിയിൽ പരിഷ്കരിച്ച ഈ പദ്ധതിക്ക്, അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. കുടുംബമെന്നാൽ ഒരു വ്യക്തി/അവരുടെ ജീവിത പങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ, മാതാപിതാക്കൾ, ഉപജീവനത്തിനായി വ്യക്തിയെ ആശ്രയിച്ച് ഒപ്പം കഴിയുന്ന മറ്റ് ബന്ധുക്കൾ. ഒരു കുടുംബത്തിലെ തന്നെ താഴെപ്പറയുന്ന അംഗങ്ങളെ (ഇപ്പോൾ ഒന്നിച്ചാണ് താമസിക്കുന്നതെങ്കിലും) പുനരധിവാസത്തിന് 'അർഹരായ പ്രത്യേക കുടുംബമായി' കണക്കാക്കുന്നതാണ്. 1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ), വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ. 2. 18 വയസ്സിനു മുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ. 3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ) 4. പ്രായപൂർത്തിയാകാത്ത, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥർ. 5. വിധവ അല്ലെങ്കിൽ വിവാഹമോചിത. രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും. വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്. രണ്ട് ഹെക്ടറിന് മേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ്. |
| (ബി) | കാസർഗോഡ് ജില്ലയിൽ എത്ര ഏക്കർ ഭൂമിയാണ് ഇത്തരത്തിൽ ഏറ്റെടുക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | റീ ബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ അംഗീകരിച്ച DPR പ്രകാരം നിലവിൽ കാസർഗോഡ് വനം ഡിവിഷനിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഏറ്റെടുക്കുന്ന ഭൂമിക്കുള്ള നഷ്ടപരിഹാര തുക യഥാസമയം കർഷകർക്ക് നൽകാനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ഉണ്ട്. കാസർഗോഡ് വനം ഡിവിഷനിലെ ഒറ്റമല, അടൂർ - മുച്ചംതുള്ളി സെറ്റിൽമെന്റിലെ 11 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ഏഴര ലക്ഷം രൂപ വീതം ആകെ 82.5 ലക്ഷം രൂപ ആദ്യ ഗഡുവായി 28/01/22-ലെ E&TW5-492/2021 ഉത്തരവു പ്രകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | ഡിവിഷൻ | സെറ്റിൽ മെൻറുകളു ടെ പേര് | ആകെ വിസ്തീർണ്ണം (ഹെക്ടർ)* | ആകെ കുടുംബ ങ്ങളുടെ എണ്ണം * | അർഹത പ്പെട്ട കുടുംബ ങ്ങളുടെ എണ്ണം * | ആവശ്യ മായ ആകെ തുക (രൂപ ലക്ഷ ത്തിൽ) | റിമാർക്സ് |
|---|---|---|---|---|---|---|---|
| **സംരക്ഷിത മേഖലയ്ക്ക് പുറത്ത്** | | | | | | | |
| 1 | കാസർ ഗോഡ് | കണേരി | 2.25 | 1 | 2 | 30.00 | |
| | | കാരടുക്ക, കൊറ്റംകുഴി | 0.30 | 3 | 5 | 75.00 | |
| | | അടൂർ മുച്ചാംതുള്ളി | 1.10 | 2 | 3 | 45.00 | |
| | | ഒറ്റമല | 1.25 | 4 | 6 | 90.00 | |
| | | തുമ്പടുക്ക | 2.00 | 4 | 6 | 90.00 | |
| | | കമ്പല്ലൂർ | 5.00 | 16 | 24 | 360.00 | |
| | | വല്ലക്കാട് | 2.70 | 3 | 5 | 75.00 | |
| | | ബലവതടുക്ക | 2.43 | 5 | 8 | 120.00 | |
| | | **ആകെ** | **17.03** | **38** | **59** | **885.00** | |

* ഇത് ഒരു ഏകദേശ വിവരമാണ്. സ്വയം സന്നദ്ധരായി വരുന്നവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് വിവിധ തലങ്ങളിലായി ഫീൽഡ് സർവ്വെ അടക്കമുള്ള പരിശോധന നടത്തി ഉടമസ്ഥതയിലുള്ള ഭൂമി, ഉടമസ്ഥാവകാശം, ഉടമസ്ഥാവകാശം സിദ്ധിച്ച വർഷം, കരം തീരുവ, രസീത്, താമസസ്വഭാവം, അർഹത എന്നിവ വനം-രജിസ്ട്രേഷൻ-റവന്യൂ-പഞ്ചായത്ത് ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും തലത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തി ഡിവിഷൻ തലത്തിലും റീജിയണൽ തലത്തിലും കമ്മറ്റികൾ ചേർന്ന് അർഹരായവരെ കണ്ടെത്തിയാണ് ലിസ്റ്റ് പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റിനും, സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മറ്റിക്കും സമർപ്പിക്കുന്നത്. ആയതിനാൽ ടി പദ്ധതി നടപ്പിലാക്കി വരുമ്പോൾ മേൽപറഞ്ഞ കണക്കുകളിൽ വ്യത്യാസം ഉണ്ടാകാവുന്നതാണ്.